# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 502

12.06.2012 ൽ മറുപടിക്ക്

## പരിയാരം മെഡിക്കൽ കോളേജിലെ പ്രവേശനത്തിലെ ക്രമക്കേടുകൾ

**ചോദ്യം**

ശ്രീ. ഐ.സി.ബാലകൃഷ്ണൻ
ശ്രീ. സി.പി.മുഹമ്മദ്
ശ്രീ. കെ.അച്ചുതൻ
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

(എ) പരിയാരം മെഡിക്കൽ കോളേജിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടന്ന പ്രവേശനത്തിൽ ക്രമക്കേടുകൾ നടന്നതായി അന്വേഷണ കമ്മീഷൻ കണ്ടെത്തിയിട്ടുണ്ടോ;

(എ) അന്വേഷണ കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്.

(ബി) എങ്കിൽ കണ്ടെത്തിയ പ്രധാന ക്രമക്കേടുകൾ എന്തെല്ലാമായിരുന്നു;

(ബി) അന്വേഷണ കമ്മീഷൻ കണ്ടെത്തിയ പ്രധാന ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു.

1) 2006-07 വർഷത്തെ എം.ബി.ബി.എസ്. കോഴ്സിന് മാനേജ്മെന്റിലെ ക്വാട്ടയിലുള്ള 35 സീറ്റുകളെ രണ്ടായി തരം തിരിച്ച് മാനേജ്മെന്റ് ക്വാട്ട 20 ആയും പ്രിവിലേജ് ക്വാട്ട 15 ആയും സർക്കാരിന്റെ അനുവാദം കൂടാതെ നിജപ്പെടുത്തുകയും, പ്രിവിലേജ് ക്വാട്ടയിൽ നിന്നും അഡ്മിഷൻ നൽകിയ സീറ്റുകളിൽ 11 വിദ്യാർത്ഥികൾ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച ലിസ്റ്റിൽ ഉൾപ്പെടാത്തവരാണ്.

2) 2007-08 വർഷത്തിൽ മാനേജ്മെന്റ് ക്വാട്ട മുപ്പത്തിയഞ്ചായിരിക്കെ, ടി ക്വാട്ടയിലേയ്ക്ക് 36 പേർക്ക് അഡ്മിഷൻ നൽകിയിട്ടുണ്ട്. ടി വിവരം പ്രവേശന പരീക്ഷാ കൺട്രോളറെ അറിയിച്ചിട്ടില്ല. 2008-09 വർഷത്തിൽ അഡ്മിഷൻ നൽകിയ രണ്ട് വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച അർഹതാ ലിസ്റ്റിൽ ഉൾപ്പെടാത്തവരാണ്.

3) 2006-07 വർഷത്തിൽ മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ നേടിയവരിൽ നിന്നും 5 ലക്ഷം രൂപ കേരള സഹകരണ ഹോസ്പിറ്റൽ കോംപ്ലക്സ് സൊസൈറ്റിയിൽ നാമമാത്ര അംഗത്വ ഓഹരിയിനത്തിലും, പ്രിവിലേജ് ക്വാട്ടയിൽ അഡ്മിഷൻ ലഭിച്ചവരിൽ നിന്നും 10 ലക്ഷം രൂപാ ഡെവലപ്പ്മെന്റ് ഫണ്ടായും ഈടാക്കുകയുണ്ടായി. പ്രസ്തുത നടപടി സർക്കാർ നയത്തിന് വിരുദ്ധമായി

ക്യാപിറ്റേഷൻ ഫീസ് ആയി കണക്കാക്കാവുന്നതാണ്. 5 ലക്ഷം രൂപാ ഷെയറായി വാങ്ങിയത് ട്യൂഷൻ ഫീസിനത്തിൽ തട്ടികഴിച്ചതായി കാണുന്നു. ഡെവലപ്മെന്റ് ഫണ്ടായി വാങ്ങിയ 10 ലക്ഷം രൂപാ അഡ്ജസ്റ്റ് ചെയ്യുതായി കാണുന്നില്ല. എൻ.ആർ.ഐ ക്വാട്ടയിലെ പ്രവേശനത്തിന് ട്യൂഷൻ ഫീസിന് പുറമേ 22.6 ലക്ഷം രൂപാ വിദ്യാർത്ഥികളിൽ നിന്നും ഒന്നായി ഈടാക്കുകയുണ്ടായി. ഇപ്രകാരം തുക ഈടാക്കു ന്നതിന് അനുവദിച്ചുകൊണ്ടുള്ള യാതൊരു ഉത്തരവും/ രേഖയും ഇല്ല.

4) 2009-10 വർഷം എൻ.ആർ.ഐ ക്വാട്ടയിൽ പ്രവേശനം നേടിയവരിൽ നിന്നും കരാർ പ്രകാരമുള്ള 9 ലക്ഷം രൂപ എന്നതിൽ നിന്നും വ്യത്യസ്തമായി 10 ലക്ഷം രൂപ വാർഷിക ഫീസായി ഈടാക്കിയിട്ടുണ്ട്.

5) ഗവൺമെന്റുമായി അക്കാഡമി ഉണ്ടാക്കിയിട്ടുള്ള കരാർ പ്രകാരം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ റഗുലേഷനുകൾ പ്രകാരവും ഓരോ വർഷത്തേയും പി.ജി. കോഴ്സുകളിൽ എൻട്രൻസ് കമ്മീഷണർ പ്രസിദ്ധീകരിച്ച ലിസ്റ്റിൽ നിന്നാണ് പ്രവേശനം നടത്തേണ്ടത് 50 ശതമാനം സീറ്റ്, സർക്കാരിന് നൽകേണ്ടതാണ്. 2009-10 വർഷം വരെ സർക്കാരിന് ഇപ്രകാരം സീറ്റ് നൽകിയിട്ടില്ല. 2010-11 ൽ 10 സീറ്റിൽ രണ്ടും 2011-12 വർഷത്തിൽ 21 സീറ്റിൽ 10 എണ്ണം മാത്രമേ സർക്കാരിന് സറണ്ടർ ചെയ്തിട്ടുള്ളു. ഇപ്രകാരം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിബന്ധനകൾക്കും കരാറിനും വിരുദ്ധമായി പ്രവർത്തിച്ചിട്ടുണ്ടെന്ന് കാണുന്നു.

6) മാനേജ്മെന്റ് ക്വാട്ടയിൽ പി.ജി കോഴ്സിനുള്ള അഡ്മിഷന് സർക്കാർ പ്രത്യേക മാനദണ്ഡം/നടപടി ക്രമങ്ങളോ നിശ്ചയിക്കാതിരുന്നത് കാരണം ഓരോ വർഷവും അഡ്മിഷനുള്ള മാനദണ്ഡങ്ങളിൽ അക്കാഡമി വ്യത്യാസം വരുത്തിയതായി കഴിഞ്ഞ 5 വർഷങ്ങളിലെ പ്രൊസ്പക്ടസിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്.

7) 2006-07, 2007-08 വർഷങ്ങളിൽ പ്രവേശന പരീക്ഷയുടെയും അക്കാഡമി നടത്തുന്ന ഇന്റർവ്യൂ വിന്റെയും അടിസ്ഥാനമാക്കിയാണ് പി.ജി.കോഴ്സിന്റെ റാങ്ക് ലിസ്റ്റ് പ്രസിദ്ധികരിച്ചിട്ടുള്ളത്. 2008-09, 2009-10 വർഷങ്ങളിൽ എം.ബി.ബി.എസിന് ലഭിച്ച മാർക്കിന്റെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാന ത്തിലാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. 2010-11 വർഷം പ്രവേശന പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ഓരോ വർഷവും വ്യത്യസ്ത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പി.ജി. കോഴ്സിന് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

8) 2007-08, 2008-09 വർഷങ്ങളിൽ അക്കാഡമി പ്രസിദ്ധീകരിച്ചിട്ടുള്ള പ്രൊസ്പെക്ടസ് പ്രകാരം എൻട്രൻസ് പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷാ പാസാകുന്നവർക്ക് മാത്രമാണ് പി.ജി.കോഴ്സിന് അർഹതയുള്ളു എന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ വർഷങ്ങളിൽ തെരെഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികളിൽ 2008-09 ൽ ഒരു വിദ്യാർത്ഥി മാത്രമേ എൻട്രൻസ് പരീക്ഷയിൽ യോഗ്യത നേടിയിട്ടുള്ളു. ഇപ്രകാരം അക്കാഡമിയുടെ നിബന്ധനകൾ അവർ തന്നെ ലംഘിച്ചതായി കാണുന്നു. പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകളിലെ മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനത്തെ സംബന്ധിച്ച് വ്യക്തമായ മാർഗ്ഗരേഖകൾ ഇല്ലാതിരുന്ന കാരണം അക്കാദമി പൂർണ്ണമായ വിവേചനാധികാരം ഉപയോഗിക്കുകയുണ്ടായി.

9) മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ നിബന്ധനകൾ പ്രകാരം പ്രവേശന പരീക്ഷാ സംസ്ഥാന സർക്കാരോ യൂണിവേഴ്സിറ്റിയോ യൂണിവേഴ്സിറ്റികളുടെ ഗ്രൂപ്പോ നടത്തേണ്ടതാണ്. എന്നാൽ സംസ്ഥാന സർക്കാരിന്റെ അനുവാദം/ അംഗീകാരം ഇല്ലാതെ അക്കാഡമി സ്വന്തമായി പ്രവേശന പരീക്ഷ നടത്തുകയുണ്ടായി.

10) പി.ജി. കോഴ്സുകളിലെ മാനേജ്മെന്റ് ക്വാട്ടയിലുള്ള പ്രവേശനത്തിന് സർക്കാർ ഫീസ് നിശ്ചയിച്ചിട്ടില്ല. ഗവൺമെന്റുമായി ഉണ്ടാക്കിയിട്ടുള്ള കരാർ പ്രകാരം മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശിപ്പിക്കപ്പെട്ട 50 ശതമാനം വിദ്യാർത്ഥികളിൽ നിന്ന് പ്രസിദ്ധീകരിച്ച വാർഷിക ഫീസ് ഈടാക്കുന്നതാണ്. അപ്രകാരം മാനേജ്മെന്റ് ക്വാട്ടയിൽ അക്കാഡമിയുടെ നിശ്ചയിച്ച ഫീസ് ഈടാക്കിയിട്ടുണ്ട്.

(സി) അന്വേഷണ കമ്മീഷൻ നൽകിയ റിപ്പോർട്ടിന്മേൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

(സി) അന്വേഷണ കമ്മീഷന്റെ റിപ്പോർട്ടിൻമേൽ സഹകരണ നിയമ പ്രകാരം ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ